(സി) കുത്തിവയ്പ് നടത്തി ആരുംതന്നെ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

സ്വകാര്യ വാഹന ഉടമകൾ നൽകുന്ന ജി. ഫാറം

19 [*84] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "Contract Carriage" പോലുള്ള വാഹനങ്ങളുടെ ഉടമസ്ഥർ "G Form"-ൽ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തുന്നത് കൊണ്ട് സർക്കാരിന് വാഹന നികുതി ഇനത്തിൽ നഷ്ടം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ "G Form"-ൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുന്ന വാഹന ഉടമകളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള പിഴ ഈടാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ പിഴ ഈടാക്കുന്ന കാര്യം പരിഗണിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) :

(എ) "ജി" ഫോമിൽ തെറ്റായി വിവരങ്ങൾ രേഖപ്പെടുത്തിയാൽ അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വെഹിക്കിൾ ഇൻസ്പെക്ടർ പരിശോധിക്കുമ്പോൾ തെറ്റാണെന്ന് കണ്ടാൽ, പ്രസ്തുത വാഹനത്തിന്റെ നികുതി ഗ്രേസ് പീരിഡ് കഴിഞ്ഞാൽ അഡീഷണൽ നികുതി സഹിതം ഈടാക്കാറുള്ളതിനാൽ സർക്കാരിന് ആ ഇനത്തിൽ നഷ്ടം ഉണ്ടാകാറില്ല.

(ബി) ഇത്തരത്തിൽ പിഴ ഈടാക്കുന്നതിന് ഇപ്പോൾ വ്യവസ്ഥയില്ല.

(സി) പരിഗണിക്കാവുന്നതാണ്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

2005-2006-ലെ റവന്യു വരുമാനം

1. [458] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന മൊത്തം റവന്യു വരുമാനം എത്രയായിരുന്നു ;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിലെ യഥാർത്ഥ വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) റവന്യു വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly